KERALA STATE HUMAN RIGHTS COMMISSION

e-mail : hrckeralatvm@gmail.com, Phone No. 0471-2307490.

# മനുഷ്യാകാശ ദിനാചരണം: മനുഷ്യാവകാശങ്ങൾ ഉറപ്പാക്കിയ ആദ്യ സംസ്ഥാനമാണ് കേരളമെന്ന് മന്ത്രി പി. രാജീവ്

തിരുവനന്തപുരം:അഭിമാനത്തോടെ ജീവിക്കാൻ ആവശ്യമായ മനുഷ്യാവകാശങ്ങൾ എല്ലാവർക്കും ഉറപ്പാക്കിയ ആദ്യ സംസ്ഥാനമാണ് കേരളമെന്ന് നിയമ മന്ത്രി പി രാജീവ്.

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മാസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച മനുഷ്യാവകാശ ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മനുഷ്യാവകാശ ദിനാചരണം ഒരു ദിവസത്തെ ചടങ്ങായി ആഘോഷിക്കുമ്പോൾ കേരളം ഓരോ നിമിഷവും മനുഷ്യാവകാശങ്ങൾ ഉറപ്പാക്കാനുള്ള പരിശ്രമത്തിലാണെന്ന് മന്ത്രി പറഞ്ഞു.ഭക്ഷണവും പാർപ്പിടവും കുടിവെള്ളവും ശുദ്ധ വായുവും മികച്ച ചികിത്സയും എല്ലാവർക്കും ഉറപ്പാക്കാൻ കേരളത്തിനു കഴിഞ്ഞു. കേരളം അതിദാരിദ്ര്യവിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട പശ്ചാത്തലത്തിൽ അന്താരാഷ്ട്ര മാധ്യമമായ ദ എക്കണോമിസ്റ്റ് എഴുതിയ ലേഖനത്തിൽ ലോകത്തിനും ഇന്ത്യയ്ക്കും കേരളത്തിൽ നിന്നും ധാരാളം പഠിക്കാനുണ്ടെന്ന് വിശേഷിപ്പിച്ചിരുന്നു.

ഓരോ പത്തുമിനിറ്റിലും കേരളം ഒരു വീട് നിർമ്മിച്ച് വീട്ടില്ലാത്തവർക്ക് കൈമാറുന്നു. 5, 20,000 വീടുകൾ അനുവദിച്ചുകഴിഞ്ഞു.

ഏക കിടപ്പാട സംരക്ഷണ നിയമം നടപ്പിലാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. നഗരത്തിൽ 5 സെന്റോ ഗ്രാമത്തിൽ 10 സെന്റോ മാത്രമുള്ള ഒരു കുടുംബം എടുത്ത വായ്പ ജപ്തിയായാൽ ഇതിന്റെ പ്രയോജനം ലഭിക്കും. വീട് നിർമ്മിക്കുന്നതിനായി എടുത്ത 5 ലക്ഷം രൂപ വരെയുള്ള വായ്പ, 10 ലക്ഷം വരെ കുടിശികയായി ജപ്തിയായാൽ കിടപ്പാട സംരക്ഷണ നിയമപ്രകാരം രൂപീകരിക്കുന്ന കമ്മിറ്റിക്ക് അപേക്ഷ നൽകാം. തങ്ങളുടെതല്ലാത്ത കാരണം കൊണ്ടാണ് ജപ്തിയായതെന്ന് കമ്മറ്റി കണ്ടെത്തിയാൽ ബാങ്കിന് അടയ്ക്കേണ്ട തുക സർക്കാർ അടച്ച് ആധാരം തിരികെ വാങ്ങി നൽകും. ഇതേ സംരക്ഷണം ജാമ്യക്കാരനും കിട്ടും.

സംസ്ഥാനത്ത് സേവനാവകാശ കമ്മീഷൻ ഉടൻ നിലവിൽവരുമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. കേന്ദ്ര-സംസ്ഥാന സർക്കാരിൽ സെക്രട്ടറിയായിരുന്ന ഒരാൾക്കായിരിക്കും ചുമതല. സേവനം സമയബന്ധിതമായി ലഭ്യമായില്ലെങ്കിൽ കമ്മീഷന് പരാതി നൽകാം. സേവനം നൽകാതെ വീഴ്ചവരുത്തിയവർക്ക് എതിരെ പല്ലും നഖവുമുള്ള കമ്മീഷൻ പിഴയും അച്ചടക്ക നടപടിയും സ്വീകരിക്കും.

അമേരിക്കയിലെ ശിശുമരണനിരക്ക് 5.6 ആയിരിക്കുമ്പോൾ കേരളത്തിലേത് 5.0 ആണ്. അവയവ മാറ്റത്തിന് 450 കോടി ചെലവഴിച്ച് പുതിയ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് സ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞു. ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സാക്ഷരത നേടിയ സംസ്ഥാനമാണ് കേരളം. മനുഷ്യാവകാശങ്ങളുടെ അർത്ഥം വിപുലമായികൊണ്ടിരിക്കെ മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങളും നവീകരിക്കപ്പെടണമെന്നും മന്ത്രി പി. രാജീവ് പറഞ്ഞു.

സമൂഹം ആധുനികമാവുമ്പോൾ സഹാനുഭൂതി നഷ്ടമാവുകയാണെന്ന് മുഖ്യ പ്രഭാഷണം നടത്തിയ നുവാൽസ് വൈസ് ചാൻസലർ ഡോ.ജി. ബി. റെഡ്ഢി

പറഞ്ഞു. അപകടത്തിൽപ്പെട്ടയാളെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിനേക്കാൾ താത്പര്യം സെൽഫിയെടുക്കുന്നതിലാണ്. ഡിജിറ്റൽ തലത്തിൽ നടക്കുന്ന മനുഷ്യാവകാശലംഘനങ്ങളെ എങ്ങനെ നേരിടണമെന്ന് പഠിക്കേണ്ടിയിരിക്കുന്നു.
മുതിർന്ന പൗരൻമാർക്ക് നേരെ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങളെ ഗൗരവത്തോടെ കൈകാര്യം ചെയ്യണമെന്നും ഡോ. റെഡ്ഢി പറഞ്ഞു.

നീതി ലഭിക്കാത്ത സാധാരണക്കാരന് നീതി ലഭ്യമാകുമ്പോഴാണ് മനുഷ്യാവകാശ സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തുന്നതെന്ന് അധ്യക്ഷനായിരുന്ന കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് പറഞ്ഞു. കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജൂനാഥ്, അംഗം വി. ഗീത, നിയമ സെക്രട്ടറി കെ.ജി. സനൽ കുമാർ, മുഖ്യവിവരാവകാശ കമ്മീഷണർ വി. ഹരി നായർ, കമ്മീഷൻ സെക്രട്ടറി കെ.ആർ. സുചിത്ര എന്നിവർ പ്രസംഗിച്ചു. കേരള സർവകലാശാല നിയമവിഭാഗം മേധാവി ഡോ. സിന്ധു തുളസീധരൻ, മാർ ഗ്രിഗോറിയസ് ലാ കോളേജ് അസിസ്റ്റന്റ് പ്രൊഫസർ സുഷമ ജോർജ് എന്നിവർ ക്ലാസുകൾ നയിച്ചു. മനുഷ്യാവകാശ കമ്മീഷൻ നടത്തിയ ഉപന്യാസ മത്സരത്തിൽ സമ്മാനങ്ങൾ നേടിയ ജി.ബി. ശിവരഞ്ജിനി, പി ടി ഹിബ ജെഫി, ഇ.ഹരിപ്രിയ എന്നിവർക്ക് മന്ത്രി സമ്മാനങ്ങൾ വിതരണം ചെയ്തു. മനുഷ്യാവകാശ പ്രതിജ്ഞ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ചൊല്ലികൊടുത്തു.

പി എം ബിനുകുമാർ
പി.ആർ. ഒ

9447694053

10/12/2025